I/6167/2023

11-04-2023

ഭരണഭാഷ – മാതൃഭാഷ

LSGD/PD/1224/2023-DED1-Part(1)

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,

തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ തിരുവനന്തപുരം – 695003
ഫോൺ : 0471-2727255, 2314526
ഇ-മെയിൽ : pdlsgkerala@gmail.com
വെബ്സൈറ്റ്: www.principaldirectorate.lsgkerala.gov.in

തീയതി: 11-04-2023

## സർക്കുലർ

വിഷയം : ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - 2023 വർഷത്തെ ഓൺലൈൻ പൊതുസ്ഥലം മാറ്റം - ഇൻക്യൂമ്പൻസി വിവരങ്ങൾ ചേർക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയും, പൊതു സ്ഥലം മാറ്റ അപേക്ഷ നൽകുന്നതിനുള്ള സമയം ദീർഘിപ്പിച്ചും സർക്കുലർ പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്

| | | |
|---|---|---|
| സൂചന | 1 | സർക്കാർ ഉത്തരവ് (കൈ) നം. 79/ 2023/തസ്വഭവ തീയതി 22/03/2023 |
| | 2 | ഈ കാര്യലയത്തിലെ സർക്കുലർ നം LSGD/PD/1224/2023-DED1 തീയതി 06/03/2023 |
| | 3 | ഈ കാര്യലയത്തിലെ സർക്കുലർ നം LSGD/PD/1224/2023-DED1 തീയതി 23 /03/2023 |
| | 4 | ഈ കാര്യലയത്തിലെ സർക്കുലർ നം LSGD/PD/1224/2023-DED1 തീയതി 30/03/202 |

ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ 2023 വർഷത്തേയ്ക്കുള്ള പൊതു സ്ഥലം മാറ്റത്തിന്റെ ഭാഗമായി ജീവനക്കാരുടെ ഇൻക്യൂമ്പൻസി വിവരങ്ങൾ ചേർക്കുന്നതിനും പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന സർക്കുലറുകൾ പ്രകാരം നൽകിയിരുന്നു. എന്നാൽ സോഫ്റ്റ്വെയറിലേ ഇൻക്യൂമ്പൻസി വിവരങ്ങൾ പരിശോധിച്ചതിൽ മുഴുവൻ ജീവനക്കാരുടെയും ഇൻക്യൂമ്പൻസി വിവരങ്ങൾ ചേർത്തിട്ടില്ലായെന്നു കാണുന്നു. കൂടാതെ അപ്പ്രൂവ് ചെയ്യാത്ത ഇൻക്യൂമ്പൻസി വിവരങ്ങൾ ഓപ്പറേറ്റർ, വേരിഫൈർ, അപ്പ്രൂവർ ലോഗിനുകളിൽ നടപടിയില്ലാതെ സൂക്ഷിച്ചിട്ടുള്ളതായും കാണുന്നു. അപ്പ്രൂവ് ചെയ്ത ഇൻക്യൂമ്പൻസികൾ ബന്ധപ്പെട്ട ഓഫീസ് മേലധികാരികൾ pullback ചെയ്തിട്ടുള്ളതായും ആയതുമൂലം അപേക്ഷ നൽകിയ പല ജീവനക്കാരുടെയും അപേക്ഷകൾ റദ്ദായതായും കാണുന്നു. കൃത്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽ കിയിട്ടും ഇൻക്യൂമ്പൻസി വിവരങ്ങൾ ചേർക്കുന്നതിൽ ഓഫീസ് മേലധികാരികളും ചുമതലപ്പെട്ട ജീവനക്കാരും വീഴ്ച വരുത്തിയതായി കാണുന്നു. ആകയാൽ പൊതു സ്ഥലം മാറ്റ നടപടികൾ സുഗമമായും കുറ്റമറ്റ രീതിയിലും നടത്തുന്നതിന് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. ഇൻക്യൂബൻസി സോഫ്റ്റ്വെയരിൽ ചേർത്തവയിൽ അപ്പ്രൂവ് ചെയ്യാതെ അവശേഷിക്കുന്ന മുഴുവൻ ഇൻക്യൂബൻസികളും, ഓപ്പറേറ്റർ വെരിഫയർ അപ്പ്രൂവർ ലോഗിനുകളിൽ നടപടി എടുക്കാതെ സൂക്ഷിച്ചിട്ടുള്ള മുഴുവൻ ഇൻക്യൂബൻസികളും,ഇൻക്യൂബൻസി ചേർക്കാൻ വിട്ടുപോയിട്ടുള്ള ജീവനക്കാരുടെ ഇൻക്യൂബൻസി വിവരങ്ങളും **12/04/2023 വൈകുന്നേരം 5 മണി**ക്കു മുന്പായി ചുമതലപ്പെട്ട ഉദ്യോഗസ്ഥർ സോഫ്റ്റ്വെയറിൽ ചേർത്ത് അപ്പ്രൂവ് ചെയ്യേണ്ടതാണ്. മേൽ സമയ പരിധിക്കു ശേഷം ഏതെങ്കിലും ഇൻക്യൂബൻസി വിവരങ്ങൾ അപ്പ്രൂവ് ചെയ്യാതെ ഏതെങ്കിലും ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ

I/6167/2023

ലോഗിനിൽ ഉണ്ടാകുന്ന പക്ഷമോ ഏതെങ്കിലും ജീവനക്കാരന്റെ ഇൻകൂബൻസി ചേർക്കാതിരുന്നാലോ ആയതിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥനും ബന്ധപ്പെട്ട ഓഫീസ് മേലധികാരിയും ആയതിനു വ്യക്തിപരമായി ഉത്തരവാദികൾ ആയിരിക്കുന്നതും ടി ഉദ്യോഗസ്ഥനും ബന്ധപ്പെട്ട ഓഫീസ് മേലധികാരിക്കും എതിരെ KCS(CCA) റൂൾസ് 1960 ചട്ടം 15 പ്രകാരം ഗുരുതര കൃത്യ വിലോപത്തിനു അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്. ഇത്തരത്തിൽ വീഴ്ച വരുത്തിയിട്ടുള്ള ഉദ്യോഗസ്ഥരുടെയും ഓഫീസ് മേലധികാരികളുടെയും പേരുവിവരം 13/04/2023 12 മണിക്കു മുമ്പായി ജില്ലാ ജോയിന്റ് ഡയറക്ടർമാർ ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

2. ഓഫീസ് മേലധികാരി ഇൻകൂബൻസി പുൾ ബാക്ക് ചെയ്യുകയും തുടർന്ന് പൊതു സ്ഥലം മാറ്റ അപേക്ഷ റദ്ദാവുകയും ചെയ്തിട്ടുള്ളവർക്കും നാളിതുവരെ അപേക്ഷ സമർപ്പിക്കാത്തവർക്കും അപേക്ഷ നൽകുന്നതിനായി പൊതു സ്ഥലം മാറ്റ അപേക്ഷ നൽകുന്നതിനുള്ള സമയ പരിധി **13/04/2023** വരെ ദീർഘിപ്പിക്കുന്നു. ഇൻകൂബൻസി പുൾ ബാക്ക് ചെയ്തത് മൂലം പൊതു സ്ഥലം മാറ്റ അപേക്ഷ റദ്ദായ ജീവനക്കാർക്ക് ബന്ധപ്പെട്ട ഓഫീസ് മേലധികാരി അപേക്ഷ റദ്ദ ആയ വിവരവും പുതുതായി അപേക്ഷ നൽകേണ്ടതുണ്ട് എന്നുള്ള കാര്യവും രേഖാമൂലം അറിയിപ്പായി **12/04/2023** നു തന്നെ നൽകേണ്ടതും ടി ജീവനക്കാരൻ പുതുതായി അപേക്ഷ നൽകിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതുമാണ് . ഓഫീസ് മേലധികാരി ഇൻകൂബൻസി പുൾ ബാക്ക് ചെയ്തതു മൂലം പൊതു സ്ഥലം മാറ്റ അപേക്ഷ റദ്ദാവുകയും ഏതെങ്കിലും ജീവനക്കാരനു അർഹതപ്പെട്ട സ്ഥലം മാറ്റം ലഭിക്കാതെ വരികയും ചെയ്താൽ ബന്ധപ്പെട്ട ഓഫീസ് മേലധികാരി ആയതിനു വ്യക്തിപരമായി ഉത്തരവാദി ആയിരിക്കുന്നതാണ്. അത്തരം ഓഫീസ് മേലധികാരികൾക്ക് എതിരെ KCS(CCA) റൂൾസ് 1960 ചട്ടം 15 പ്രകാരം ഗുരുതര കൃത്യ വിലോപത്തിനു അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

3. 13/04/2023 വരെ സമർപ്പിക്കപ്പെടുന്ന മുഴുവൻ അപേക്ഷകളുടെയും അതാതു ഓഫീസ് തലത്തിലെയും ജില്ലാ തലത്തിലേയും പരിശോധനയും അപ്പ്രൂവലും 14/04/2023 ഉച്ചക്ക് 12 മണിക്ക് മുമ്പായി പൂർത്തീകരിക്കേണ്ടതാണ്. ആയതിലേക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അവധി ദിനം പ്രവർത്തി ദിവസമാക്കി പ്രത്യേക ഉത്തരവ് ബന്ധപ്പെട്ട മേലധികാരി പുറപ്പെടുവിക്കേണ്ടതാണ്. മേൽ തീയതിക്ക് ശേഷം ഏതെങ്കിലും അപേക്ഷകൾ നടപടിയെടുക്കാതെ ഓഫീസ് മേലധികാരി ലോഗിനിൽ സൂക്ഷിക്കുന്ന പക്ഷം അത്തരം ഓഫീസ് മേലധികാരികൾക്ക് എതിരെ KCS(CCA) റൂൾസ് 1960 ചട്ടം 15 പ്രകാരം ഗുരുതര കൃത്യ വിലോപത്തിനു അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

4. എഞ്ചിനീയറിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് എൻജിനീയർ, ഓവർസിയർ തസ്തികകളുടെ സ്ഥലം മാറ്റം ഗ്രാമ പഞ്ചായത്തുകൾ നഗര സഭകൾ ഉൾപ്പെടെയുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപന തലങ്ങൾ കൂടി ഉൾപ്പെടുത്തിയാണ് നടത്തുന്നത്. ആയതിനാൽ അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ തസ്തികകൾ അതത് തദ്ദേശ സ്വയം ഭരണ സ്ഥാപന തല തസ്തികകളായി ആയി വരുന്ന വിധം ആണ് ആണ് ഇൻകൂമ്പൻസി ചേർക്കേണ്ടത്. ഇതിനു വിരുദ്ധമായി ഗ്രാമ പഞ്ചായത്ത് തലത്തിൽ ചേർക്കേണ്ട തസ്തികകൾ ബ്ലോക്ക് പഞ്ചായത്തുകളിലെ തസ്തിക ആയി ചേർത്തിട്ടുള്ള പക്ഷം അപ്രകാരമുള്ളവ ഗ്രാമ പഞ്ചായത്തിലെ സ്ലോട്ടിലേക്ക് ചുമതലപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ **12/04/2023 വൈകുന്നേരം 5 മണി**ക്കു മുന്പായി മാറ്റി ചേർത്ത് ഇൻകൂമ്പൻസി അപ്പ്രൂവ് ചെയ്യേണ്ടതാണ്. ഇതിനു വിരുദ്ധമായി ഇൻകൂമ്പൻസി ചേർക്കുന്ന പക്ഷം ചുമതലപ്പെട്ടവർ ആയതിനു വ്യക്തിപരമായി ഉത്തരവാദികളായിരിക്കുന്നതും ടിയാളുകൾക്കെതിരെ KCS(CCA) റൂൾസ് 1960 ചട്ടം 15 പ്രകാരം ഗുരുതര കൃത്യ വിലോപത്തിനു അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

M.G. RAJAMANICKAM IAS
PRINCIPAL DIRECTOR

**പകർപ്പ്**

1 ഡയറക്ടർ ( അർബൻ )

2. ഡയറക്ടർ ( റൂറൽ )

I/6167/2023

3. ചീഫ് ടൌൺ പ്ലാനർ
4. ചീഫ് എഞ്ചിനിയർ, L. I. D. & E. W.
5. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർ മാർക്കും
6. ജോയിന്റ് ഡയറക്ടർ, ഇന്റേണൽ എസ്റ്റാബ്ലിഷ്മെന്റ്
7 വകുപ്പിലെ എല്ലാ ഓഫീസ് മേലധികാരികൾക്കും (ജില്ലാ ജോയിന്റ് ഡയറക്ടർ മാർ മുഖേന )
8 വകുപ്പിലെ എല്ലാ ജീവനക്കാർക്കും( ഓഫീസ് മേലധികാരികൾ മുഖേന)
9 കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
M.g. rajamanickam Ias
Date: 11-04-2023 19:49:08